# ഹമാ ആവർത്തിക്കരുതെന്ന് ഉർദുഗാൻ

1982-ൽ സിറിയൻ ഗവൺമെന്റ് ഹമാ നഗരത്തിൽ നടത്തിയത് പോലുള്ള കൂട്ടക്കൊല ആവർത്തിച്ചാൽ അന്താരാഷ്ട്ര സമൂഹം കടുത്ത നിലപാടിലേക്ക് നീങ്ങേണ്ടിവരുമെന്ന് തുർക്കി പ്രധാനമന്ത്രി റജബ് ത്വയ്യിബ് ഉർദുഗാൻ മുന്നറിയിപ്പ് നൽകി. തന്റെ രാഷ്ട്രത്തിന്റെ നിലപാടും പുനഃപരിശോധിക്കേണ്ടിവരും. ഹമാ കൂട്ടക്കൊല ആവർത്തിച്ചാൽ അതിന്റെ ആഘാതത്തിൽ നിന്ന് സിറിയക്ക് കരകയറാനാവില്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

മധ്യ സിറിയയിലെ പ്രവിശ്യയും നഗരവുമാണ് ഹമാ. ദമസ്കസിൽ നിന്ന് 210 കിലോമീറ്റർ വടക്ക് മാറി ആസി നദിക്കരയിൽ സ്ഥിതി ചെയ്യുന്നു. പ്രവിശ്യയിലെ ജനസംഖ്യ 2 മില്യൻ. നഗര ജനസംഖ്യ ഏഴര ലക്ഷം. 1982 ഫെബ്രുവരി 2-നാണ് സിറിയൻ ചരിത്രത്തിലെ തന്നെ ഏറ്റവും ഭീകരമായ കൂട്ടക്കൊലകളിൽ ഒന്ന് ഹമാ നഗരത്തിൽ അറങ്ങേറിയത്. മുഖ്യ പ്രതിപക്ഷമായ ഇഖ്‌വാനുൽ മുസ്‌ലിമൂൻ ഭരണത്തെ അട്ടിമറിക്കാൻ ശ്രമിക്കുന്നു എന്നാരോപിച്ചാണ് സിറിയൻ പോലീസും രഹസ്യ വിഭാഗങ്ങളും ആധുനിക യുദ്ധോപകരണങ്ങളുമായി ഹമാ നഗരവാസികളെ നേരിട്ടത്. ഒരു മാസം നീണ്ടുനിന്നു ഈ നരമേധം. 2000-ത്തിൽ അന്തരിച്ച ഹാഫിസുൽ അസദായിരുന്നു അന്ന് പ്രസിഡന്റ്. അയാളുടെ ഇളയ സഹോദരൻ റഫ്അത്ത് അസദിനായിരുന്നു നരവേട്ടയുടെ നേതൃത്വം.



മീഡിയ ഏറെക്കുറെ പൂർണമായി തമസ്കരിച്ചതിനാൽ കൂട്ടക്കൊലയുടെ ഭീകരത അന്ന് പുറംലോകമറിഞ്ഞില്ല. അന്ന് വധിക്കപ്പെട്ടവർ പതിനായിരമെന്ന് പ്രമുഖ പത്രപ്രവർത്തകൻ റോബർട്ട് ഫിസ്കും, നാൽപതിനായിരമെന്ന് സിറിയൻ മനുഷ്യാവകാശ സംഘടനയും പറയുന്നു. റഫ്അത്ത് അസദ് ഒരിക്കൽ ബ്രിട്ടനിലെ *ഇൻഡിപെൻഡന്റ്* പത്രത്തോട് പറഞ്ഞത് 38,000 പേർ വധിക്കപ്പെട്ടു എന്നാണ്.

# കടലിലെറിഞ്ഞത് ഇസ്‌ലാമികവിരുദ്ധം

**ഉസാമ** ബിൻലാദിന്റെ മൃതദേഹം അമേരിക്ക കടലിലെറിഞ്ഞ് സംസ്കരിച്ചത് ഇസ്‌ലാമിക മൂല്യങ്ങൾക്ക് വിരുദ്ധമാണെന്ന് ഈജിപ്തിലെ അൽഅസ്ഹർ യൂനിവേഴ്സിറ്റി റെക്ടർ ഡോ. അഹ്മദ് ത്വയ്യിബ്. വധിക്കപ്പെട്ടതായാലും സ്വാഭാവിക മരണം സംഭവിച്ചതായാലും എല്ലാ മനുഷ്യരുടെയും മൃതദേഹങ്ങളോട് ആദരവ് പുലർത്തണമെന്നാണ് ഇസ്‌ലാമിന്റെ ശാസന. വിശ്വാസിയെന്നോ അവിശ്വാസിയെന്നോ ശത്രുവെന്നോ മിത്രമെന്നോ ഉള്ള ഒരു തരം തിരിവും ഇക്കാര്യത്തിൽ ഇല്ല. കടലിലല്ല, മണ്ണിൽ സംസ്കരിക്കുകയെന്നതാണ് ഇസ്‌ലാമിന്റെ രീതി.

ഇസ്‌ലാമികാചാരങ്ങളോടെയാണ് ബിൻലാദിന്റെ മൃതദേഹം കടലിൽ സംസ്കരിച്ചതെന്ന് അമേരിക്ക അവകാശപ്പെട്ടിരുന്നു. 'ബിൻലാദിന്റെ ഖബ്റിടം ആരാധന സ്ഥലമായി മാറു'മെന്ന ഭീതിയാണ് മൃതദേഹം കടലിലെറിയാൻ അമേരിക്കൻ ഭരണകൂടത്തെ പ്രേരിപ്പിച്ചത്.

# ജെ സ്ട്രീറ്റിനെതിരെ പെരസ്

**അമേരിക്കയിലെ** ഇടതുപക്ഷ ചായ്‌വുള്ള ജെ സ്ട്രീറ്റ് എന്ന ജൂത സംഘടനയെ ഇസ്രയേൽ പ്രസിഡന്റ് ശിമോൺ പെരസ് ശക്തമായ ഭാഷയിൽ വിമർശിച്ചു. ജൂത രാഷ്ട്രത്തിന് ദോഷം വരുത്തുന്ന പ്രവൃത്തികളാണ് ആ സംഘടന ചെയ്യുന്നതെന്നായിരുന്നു പെരസിന്റെ ആരോപണം.

നയതന്ത്ര സംഭാഷണത്തിലൂടെ സമാധാനപരമായാണ് ഇസ്രയേൽ-ഫലസ്ത്വീൻ സംഘർഷം പരിഹരിക്കേണ്ടതെന്നാണ് ജെ സ്ട്രീറ്റിന്റെ നിലപാട്. ഇത് അടിസ്ഥാനപരമായി ഒരു ജൂത സംഘടനയാണെങ്കിലും ജൂതന്മാരല്ലാത്തവർക്കും ഇതിൽ അംഗത്വം നൽകുന്നുണ്ട്. ജെ സ്ട്രീറ്റ് പ്രതിനിധികളുമായി കൂടിക്കാഴ്ച നടത്തരുതെന്ന് സയണിസ്റ്റ് വലതുപക്ഷ സംഘടനകളുടെ സമ്മർദമുണ്ടായിരുന്നെങ്കിലും, പെരസ് ജെ സ്ട്രീറ്റ് പ്രതിനിധികളെ കണ്ട് സംഭാഷണം നടത്തുകയും പിന്നീട് അവരെ വിമർശിക്കുകയുമാണുണ്ടായത്.

# മഗ്‌രിബ് രാജ്യങ്ങളിൽ അൽഖാഇദക്ക് തളർച്ചയുണ്ടാവില്ലെന്ന്



**ഉസാമ** ബിൻലാദിന്റെ വധം മഗ്‌രിബ് രാജ്യങ്ങളായ മൊറോക്കോ, അൾജീരിയ, തുനീഷ്യ എന്നിവിടങ്ങളിലെ അൽഖാഇദ യൂനിറ്റുകളെ കാര്യമായി ബാധിക്കില്ലെന്ന് അറബ് രാഷ്ട്രീയ നിരീക്ഷകർ. 'നേതാവ് മരിച്ചതുകൊണ്ട് ഒരു ആശയം മരിക്കണമെന്നില്ല' എന്നാണ് റിബാത്വിലെ മുഹമ്മദ് അഞ്ചാമൻ യൂനിവേഴ്സിറ്റിയിലെ മനാർ സലിം അഭിപ്രായപ്പെട്ടത്. "ഈ രാജ്യങ്ങളിലെ അൽഖാഇദ യൂനിറ്റുകൾ ഏറെക്കുറെ സ്വതന്ത്രമായാണ് പ്രവർത്തിക്കുന്നത്. അൽഖാഇദ നേതാക്കളായ അയ്മൻ ളവാഹിരിയുമായും അബൂയഹ്‌യയുമായും അവർക്ക് അഭിപ്രായ ഭിന്നതകളുമുണ്ട്." ഉറങ്ങിക്കിടക്കുന്ന അൽഖാഇദ കോശങ്ങളെ ലാദിൻ വധം ജീവിപ്പിച്ചേക്കാമെന്നാണ് മൊറോക്കോ സ്ട്രാറ്റജിക് സ്റ്റഡീസ് തലവൻ ത്വാരിഖ് തലാത്തിയുടെ അഭിപ്രായം. എങ്കിലും തിരിച്ചടിയുടെ പ്രത്യാഘാതം വളരെ പരിമിതമായിരിക്കും.

മധ്യ പൗരസ്ത്യ ദേശത്തെ പ്രക്ഷോഭങ്ങളുമായും വരാനിരിക്കുന്ന അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പുമായും ബന്ധിപ്പിച്ചുകൊണ്ടാണ് ബിൻലാദിൻ വധത്തെ കാണേണ്ടതെന്ന് എഴുത്തുകാരനായ അഹ്‌മദ് ശാഹീൻ നിരീക്ഷിച്ചു. ജനകീയ പ്രക്ഷോഭങ്ങൾ അരങ്ങ് തകർക്കുന്ന മധ്യപൗരസ്ത്യ ദേശത്ത് 'ഭീകരതാ വിരുദ്ധ യുദ്ധം' ഇനി വിലപ്പോവില്ലെന്ന് അമേരിക്ക മനസ്സിലാക്കിയിട്ടുണ്ട്. പ്രക്ഷോഭകരെ ഭീകരരെന്നോ തീവ്രവാദികളെന്നോ മുദ്രകുത്താനാവില്ല. അതിനാൽ ഭീകരതാ ഫയൽ അടച്ചുവെക്കുകയാണെന്നതിന്റെ പ്രതീകാത്മക സൂചനയായി വേണം ബിൻലാദിൻ വധത്തെ കാണാൻ. ജനാധിപത്യത്തിന്റെ കാർഡായിരിക്കും ഇനി അമേരിക്ക പുറത്തെടുക്കുക. വിവിധ ജനാധിപത്യ സ്ഥാപനങ്ങളെയും പാർട്ടികളെയും വെച്ച് അവർ കളിക്കും. അൽഖാഇദ കാർഡ് കാലഹരണപ്പെട്ടെന്ന ബോധം അമേരിക്കക്കുണ്ട്- ശാഹീൻ കൂട്ടിച്ചേർത്തു.

# ഈജിപ്തിൽ ഇഖ്‌വാന് പുതിയ രാഷ്ട്രീയ പാർട്ടി

**ഈജിപ്തിൽ** ഇഖ്‌വാനുൽ മുസ്‌ലിമൂൻ പുതിയ രാഷ്ട്രീയ പാർട്ടി രൂപവത്കരിച്ചു. പീസ് ആന്റ് ജസ്റ്റിസ് എന്നാണ് പുതിയ പാർട്ടിയുടെ പേര്. സ്വേഛാധിപത്യത്തിന്റെ ഒരു യുഗം അവസാനിച്ച ഈജിപ്തിന്റെ പുതിയ പ്രഭാതത്തിൽ ഏതു ജനവിഭാഗത്തിനും ചേർന്നു പ്രവർത്തിക്കാവുന്ന രാഷ്ട്രീയ സംഘടനയായിട്ടാണ് പീസ് ആന്റ് ജസ്റ്റിസ് പാർട്ടി രൂപവത്കരിച്ചത്. ഇഖ്‌വാന്റെ ഉന്നതാധികാര വേദിയായ ശൂറയിലെ അംഗങ്ങളായ ഡോ. മുഹമ്മദ് മുർസിയെ പാർട്ടിയുടെ അധ്യക്ഷനും ഡോ. ഇസ്വാം അൽ ഉർയാനെ ഉപാധ്യക്ഷനും ഡോ. മുഹമ്മദ് അൽ കത്താത്തിനിയെ ജനറൽ സെക്രട്ടറിയുമായി തെരഞ്ഞെടുത്തു. ഇഖ്‌വാന്റെ മറ്റു ഉത്തരവാദിത്വങ്ങളിൽ ഇവരെ ഒഴിവാക്കിയിട്ടുണ്ട്.

രാജ്യത്തിന്റെ ഭരണഘടനക്കും നിയമത്തിനും വിധേയമായി, രാജ്യപുരോഗതിയിലും ജനക്ഷേമത്തിലും പൊതുജനങ്ങളെ കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് ഇഖ്‌വാനുൽ മുസ്‌ലിമൂനിൽ നിന്നു തീർത്തും സ്വതന്ത്രമായിട്ടാണ് പുതിയ രാഷ്ട്രീയ പാർട്ടി നിലവിൽ വരുന്നത്. ഇഖ്‌വാനുൽ മുസ്‌ലിമൂൻ അതിന്റെ ഭൂമികയിൽ നിന്നുകൊണ്ട് രാഷ്ട്രീയ അജണ്ടകൾ കൈകാര്യം ചെയ്യുന്നത് ഇനിയും തുടരും. പുതിയ പാർട്ടി ന്യൂനപക്ഷമായ കോപ്റ്റിക് വംശജർക്കും സ്ത്രീകൾക്കും യുവാക്കൾക്കും പ്രാതിനിധ്യം നൽകും. വരാനിരിക്കുന്ന പൊതു തെരഞ്ഞെടുപ്പിൽ 45 മുതൽ 50 ശതമാനം വരെ സീറ്റുകളിൽ പാർട്ടി മത്സരിക്കും. പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കാൻ പാർട്ടി ഉദ്ദേശിക്കുന്നില്ലെന്ന് നേതാക്കൾ അറിയിച്ചു. 2005-ലെ തെരഞ്ഞെടുപ്പിൽ 20 ശതമാനം സീറ്റ് നേടി പ്രതിപക്ഷത്തെ ഏറ്റവും വലിയ കക്ഷിയായിരുന്നു ഇഖ്‌വാൻ. സ്വേഛാധിപത്യ ഭരണത്തിന്റെ ക്രൂരതകൾക്കും പീഡനങ്ങൾക്കും ഇരയാകേണ്ടിവന്ന ഇഖ്‌വാന്ന് പതിറ്റാണ്ടുകളുടെ കാത്തിരിപ്പിനൊടുവിലാണ് ഒരു രാഷ്ട്രീയ പാർട്ടി ഉണ്ടാക്കാൻ സാധിച്ചത്.

# മധ്യപ്രദേശിൽ ക്രൈസ്തവരെക്കുറിച്ച് വിവരശേഖരണം

**ബി.ജെ.പി** ഭരിക്കുന്ന മധ്യപ്രദേശിൽ ക്രൈസ്തവ സമുദായത്തെക്കുറിച്ച് മാത്രം പ്രത്യേക വിവരശേഖരണം നടത്തുന്നതായി പരാതി. ക്രൈസ്തവ സ്ഥാപനങ്ങൾ, സ്വത്തുക്കൾ, വരുമാനം തുടങ്ങി വിശദമായ കണക്കെടുപ്പാണ് നടക്കുന്നത്. പ്രതിഷേധങ്ങളെത്തുടർന്ന് വിവരം ശേഖരിക്കൽ നിർത്തിവെക്കാൻ സർക്കാർ ഉത്തരവ് ഇറക്കുകയും സംഭവത്തെക്കുറിച്ച് അന്വേഷണത്തിന് ഉത്തരവിടുകയും ചെയ്തിട്ടുണ്ടെങ്കിലും 'കാര്യങ്ങൾ' സുഗമമായി മുന്നോട്ടു പോവുന്നുണ്ടെന്നാണ് കേൾക്കുന്നത്. ആൾ ഇന്ത്യ മുസ്‌ലിം മജ്‌ലിസെ മുശാവറയും വെൽഫെയർ പാർട്ടിയും വിവരശേഖരണത്തിനെതിരെ ശക്തമായ പ്രതിഷേധിച്ചു. സംഭവത്തെക്കുറിച്ച് സി.ബി.ഐ അന്വേഷണം വേണമെന്ന് വെൽഫെയർ പാർട്ടി പ്രസിഡന്റ് മുജ്തബ ഫാറൂഖ് ആവശ്യപ്പെട്ടു. കാന്ധമാലിൽനിന്നും ഗുജറാത്തിൽനിന്നും ബി.ജെ.പി ഇനിയും പാഠം പഠിച്ചിട്ടില്ലെന്നാണ് ഇതിൽ നിന്ന് മനസ്സിലാവുന്നതെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. ഇക്കാര്യത്തിൽ കേന്ദ്ര ആഭ്യന്തര വകുപ്പ് ഉടൻ ഇടപെടണമെന്ന് മുശാവറ പ്രസിഡന്റ് ഡോ. സഫറുൽ ഇസ്‌ലാം ഖാൻ ആവശ്യപ്പെട്ടു.




## ബുർഖ നിരോധം ജി.ഐ.ഒ പ്രതിഷേധം

**ഫ്രാൻസിലെ** ബുർഖ-മുഖാവരണ നിരോധത്തിനെതിരെ മുംബൈയിൽ ജി.ഐ.ഒ പ്രതിഷേധ പ്രകടനം നടത്തി. മുംബൈ ആസാദ് മൈതാനിയിൽ നടന്ന പ്രകടനത്തിൽ നൂറിലധികം വിദ്യാർഥിനികളും യുവതികളും പങ്കെടുത്തു. ജി.ഐ.ഒ ജില്ലാ കോ-ഓർഡിനേറ്റർ ആമിന ഖാനം ഉദ്ഘാടനം ചെയ്തു. ബുർഖ നിരോധം ജനാധിപത്യധ്വംസനവും തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യത്തിനു നേരെയുള്ള കൈയേറ്റവുമാണെന്നവർ അഭിപ്രായപ്പെട്ടു. സ്വന്തം തട്ടകത്തിലെ രാഷ്ട്രീയ പരാജയങ്ങളെ മറച്ചുവെക്കാനും തീവ്ര വലതു പക്ഷത്തെ ആകർഷിക്കാനുമുള്ള ഫ്രഞ്ച് പ്രസിഡന്റ് സർകോസിയുടെ വിക്രിയയാണ് ഈ നിരോധമെന്ന് ജമാഅത്തെ ഇസ്‌ലാമി വനിതാ വിഭാഗം പ്രസിഡന്റ് സൽമബൈഗ് അഭിപ്രായപ്പെട്ടു.

## മഹാരാഷ്ട്രയെ ചെർണോബിൽ ആക്കരുത്: എസ്.ഐ.ഒ

**ജെയ്താപൂരിൽ** ആണവകേന്ദ്രം നിർമിച്ച മഹാരാഷ്ട്രയെ മറ്റൊരു ചെർണോബിൽ ആക്കരുതെന്ന് എസ്.ഐ.ഒ ആവശ്യപ്പെട്ടു. ഭോപ്പാൽ ദുരന്തത്തിന്റെ അനുരണനങ്ങൾ ഇനിയും അടങ്ങിയിട്ടില്ലാത്ത നമ്മുടെ നാട്ടിൽ ബോധപൂർവം മറ്റൊരു ദുരന്തത്തെ വിളിച്ചുവരുത്തരുതെന്ന് എസ്.ഐ.ഒ ദേശീയ പ്രസിഡന്റ് മുഹമ്മദ് അസ്ഹറുദ്ദീൻ ആവശ്യപ്പെട്ടു. പ്ലാന്റിനു വേണ്ടി ഏക്കർ കണക്കിന് കൃഷി ഭൂമിയാണ് പിടിച്ചെടുക്കുന്നത്. ദാഹജലം മലിനപ്പെടുമെന്ന ആശങ്കയും ശക്തമാണ്. അതിനാൽ പദ്ധതിയിൽനിന്ന് പിന്മാറണമെന്ന് കേന്ദ്ര-സംസ്ഥാന സർക്കാറുകളോട് അദ്ദേഹം ആവശ്യപ്പെട്ടു.

## ഉർദുടൈംസ് ഗോൾഡൻ ജൂബിലി ആഘോഷിച്ചു

**മുംബൈയിൽനിന്ന്** പുറത്തിറങ്ങുന്ന ഉർദുടൈംസ് ദിനപത്രം ഗോൾഡൻ ജൂബിലി ആഘോഷിച്ചു. ബാന്ദ്രയിലെ താജ് ലാൻഡ്സ് എൻഡ് ഹോട്ടലിൽ നടന്ന പ്രൗഢോജ്വല ചടങ്ങിൽ രാഷ്ട്രീയ-സാമൂഹിക-സാമുദായിക രംഗത്തെ പ്രമുഖർ സംബന്ധിച്ചു. കേന്ദ്ര മന്ത്രിമാരായ ശരദ് പവാർ, വിലാസ് റാവു ദേശ്മുഖ്, രാജ്യസഭാ ഉപാധ്യക്ഷൻ കെ. റഹ്മാൻ ഖാൻ, മഹാരാഷ്ട്ര മുഖ്യമന്ത്രി പൃഥ്വിരാജ് ചൗഹാൻ തുടങ്ങിയവർ സംബന്ധിച്ചു. "1960ലാണ് മഹാരാഷ്ട്രയും ഉർദുടൈംസും ആരംഭിച്ചത്" - ശരദ്പവാർ പറഞ്ഞു. രണ്ടിനും ദീർഘായുസ്സുണ്ടാവട്ടെ എന്നദ്ദേഹം ആശംസിച്ചു. സർക്കാർ പരസ്യങ്ങളുടെ ക്വാട്ട ഉർദു പത്രങ്ങൾക്ക് വർധിപ്പിക്കണമെന്നും സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പത്രങ്ങൾക്കുള്ള ഭൂമി വിതരണത്തിൽ ഉർദു പത്രങ്ങളോട് വിവേചനമരുതെന്നും റഹ്മാൻഖാൻ ആവശ്യപ്പെട്ടു. ചടങ്ങിൽ പ്രമുഖരെ ആദരിച്ചു.




## ബീഹാറിൽ പലിശരഹിത നിക്ഷേപം ആരംഭിക്കണം

**പലിശ** രഹിത സാമ്പത്തിക വ്യവസ്ഥയെ ഉപയോഗപ്പെടുത്തി സംസ്ഥാനത്തിന്റെ വികസനത്തിനുപകരിക്കും വിധം നിക്ഷേപസാധ്യതകൾ കണ്ടെത്തണമെന്ന് ഇന്ത്യൻ സെന്റർ ഫോർ ഇസ്‌ലാമിക് ഫൈനാൻസ് ജന. സെക്രട്ടറി എച്ച്. അബ്ദുർറഖീബ് ബീഹാർ മുഖ്യമന്ത്രി നിതീഷ്കുമാറിനോടാവശ്യപ്പെട്ടു. ബീഹാറിലെ വികസന പ്രവർത്തനങ്ങളെ ശ്ലാഘിച്ച അബ്ദുർറഖീബ് മഹാരാഷ്ട്ര, കേരള സർക്കാറുകൾ ഇക്കാര്യത്തിൽ എടുത്ത നടപടികൾ ശ്രദ്ധയിൽ പെടുത്തി.



## റാഞ്ചിയിൽ ആയിരക്കണക്കിന് മുസ്‌ലിംകൾ ഭവനരഹിതരായി

**നിയമവിരുദ്ധ** കൈയേറ്റങ്ങൾ ഒഴിപ്പിക്കാനുള്ള ഹൈക്കോടതി ഉത്തരവ് സംസ്ഥാന സർക്കാർ ഭാഗികമായും പക്ഷപാതപരമായും നടപ്പാക്കിയതിനെത്തുടർന്ന് ഝാർഖണ്ഡ് തലസ്ഥാനമായ റാഞ്ചിയിൽ ആയിരക്കണക്കിന് മുസ്‌ലിംകൾ ഭവനരഹിതരായി. ധനാഢ്യരുടെ കൈയേറ്റങ്ങളെ തൊടാൻ മടിച്ച സർക്കാർ, മുസ്‌ലിംകളും ആദിവാസികളും തിങ്ങിത്താമസിക്കുന്ന റാഞ്ചിയിലെ ഇസ്‌ലാം നഗർ ചേരിയാണ് ബുൾഡോസർ കൊണ്ട് തുടച്ച് നീക്കിയത്. കുടിയിറക്കുന്നവരെ പുനരധിവസിപ്പിക്കണമെന്ന കോടതി നിർദേശം പക്ഷേ, സർക്കാർ നടപ്പാക്കിയതുമില്ല. ഇതിനെതിരെ വിവിധ സംഘടനകളും ആക്ടിവിസ്റ്റുകളും ചേർന്ന് 'ഝാർഖണ്ഡ് ബച്ചാവോ നാഗരിക് അഭിയാൻ' രൂപവത്കരിച്ചിട്ടുണ്ട്. വിവിധ മുസ്‌ലിം സംഘടനകളുടെ പ്രതിനിധികൾ മുഖ്യമന്ത്രിയെ സന്ദർശിച്ച് നിവേദനം നൽകി. ജമാഅത്തെ ഇസ്‌ലാമിയും ഇമാറേ ശരീഅയുമാണ് കുടിയിറക്കപ്പെട്ടവർക്ക് ദുരിതാശ്വാസം നൽകുന്നത്.

## സ്വകാര്യ മാനേജ്മെന്റ് ലോബിയെ നിയന്ത്രിക്കണം എസ്.ഐ.ഒ

**തോന്നിയപോലെ** സ്കൂൾ ഫീസ് നിരന്തരം വർധിപ്പിക്കുന്ന സ്വകാര്യ സ്കൂൾ മാനേജ്മെന്റ് ലോബിയെ നിയന്ത്രിക്കണമെന്ന് എസ്.ഐ.ഒ മഹാരാഷ്ട്ര സൗത്ത് ആവശ്യപ്പെട്ടു. സർക്കാരിനെ തന്നെ നിയന്ത്രിക്കുന്ന ഈ ലോബി കഴിഞ്ഞ 3 വർഷത്തിനിടെ 150 ശതമാനമാണ് ഫീസ് വർധിപ്പിച്ചത്. അധ്യാപക ശമ്പളം മുൻനിർത്തി നടത്തുന്ന ഫീസ് വർധനയിൽനിന്ന് അധ്യാപകർക്ക് യാതൊരു മെച്ചവും ഉണ്ടാകുന്നില്ല. ഇതിനെതിരെ വിവിധ സംഘടനകൾ സംയുക്തമായി മുംബൈ ആസാദ് മൈതാനിൽ സംഘടിപ്പിച്ച പ്രതിഷേധ ധർണയിൽ സംസ്ഥാന പ്രസിഡന്റ് മൊയിസുറഹ്മാൻ സംസാരിച്ചു. തലവരി നിരോധന നിയമം ശക്തമായി നടപ്പാക്കണമെന്നും എസ്.ഐ.ഒ ആവശ്യപ്പെട്ടു.